## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : * 506      23.07. 2015 ൽ മറുപടിക്ക്

### വൈദ്യുതി നിരക്ക് വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>" വി.ശിവൻകുട്ടി<br>" എ.പ്രദീപ്കുമാർ<br>" കെ.ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷന് മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;<br><br>(ബി പ്രസ്തുത നിർദ്ദേശത്തിൽ റെഗുലേറ്ററി കമ്മീഷൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) ഇല്ല. എന്നാൽ ഇന്ധന സർചാർജ്ജ് റെഗുലേഷൻ 2010 ന് വിധേയമായി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 2014 ജൂലൈ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 34.95 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 25.11.2014 ൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷന്മേൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 28.04.2015 ൽ പൊതു തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. എന്നാൽ കമ്മീഷൻ നാളിതുവരെ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. ഇതു കൂടാതെ, 2014 ഒക്ടോബർ മുതൽ 2014 ഡിസംബർ വരെയുള്ള കാലയളവിലേക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 44.55 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 17.04.2015 ലും 2015 ജനുവരി മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിലേക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 43.85 കോടി രൂപ |

| | |
|---|---|
| | ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 21.05.2015 ലും കമ്മീഷൻ മുമ്പാകെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകളിന്മേൽ കമ്മീഷൻ നടപടികളൊന്നും തന്നെയെടുത്തിട്ടില്ല. |
| (സി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ? | (സി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ